പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 913 08-01-2014 - ൽ മറുപടിയ്ക്ക്

ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം<br>ശ്രീ.കെ.ദാസൻ | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ പ്രധാന കുടിവെള്ള പദ്ധതിയായ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | (എ) ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ 2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി പരിശോധിക്കവെ ടി എസ്റ്റിമേറ്റിലുള്ള ചില ന്യൂനതകൾ പരിഹരിക്കണമെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിക്കുകയുണ്ടായി അതിൻപ്രകാരം ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് വകുപ്പ് തലത്തിൽ റിവൈസ് ചെയ്ത് കൊണ്ടിരിക്കുകയാണ് |
| (ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ഒരു തവണ ധനകാര്യ വകുപ്പ് കണ്ട് ചീഫ് ടെക്നിക്കൽ എക്സാമിനർതലംവരെ എത്തിയതും ചെറിയ ന്യൂനതകൾ കാണിച്ച് വീണ്ടും മൈനർ ഇറിഗേഷൻ വകുപ്പിൽ തിരിച്ചെത്തിയിരിക്കുകയാണ് എന്നതും നടപടികൾ മന്ദഗതിയിലാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടിയുടെ പുരോഗതിയും എന്നത്തേക്ക് ഇത് പൂർത്തിയാക്കാൻ കഴിയും എന്നതും വ്യക്തമാക്കാമോ; | (സി) സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നീ വിഭാഗങ്ങളിൽ വിശദാംശങ്ങൾ കിട്ടി ക്രോഡീകരിക്കുന്നതിനുള്ള കാലതാമസമാണ് വരുന്നത്. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങളിൽ വന്ന നോട്ടക്കുറവും അതുവഴിവന്നുചേർന്നിട്ടുള്ള കാലതാമസത്തിനും ആരെല്ലാമാണ് ഉത്തരവാദികൾ എന്നത് പരിശോധിക്കാൻ തയ്യാറാകുമോ ? | (ഡി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.